# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

തീയതി: 15.11.2019

## പത്രക്കുറിപ്പ്

**മികച്ച കടുവ സങ്കേതത്തിനുള്ള ദേശീയ അവാർഡ്**
**പെരിയാർ കടുവ സങ്കേതം ഏറ്റുവാങ്ങി**

രാജ്യത്തെ മികച്ച കടുവസങ്കേതത്തിനുള്ള ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെ അവാർഡ് പെരിയാർ കടുവ സങ്കേതത്തിനു ലഭിച്ചു. കടുവ സംരക്ഷണപ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ, കടുവസംരക്ഷണരീതികളും മാതൃകകളും, കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് രാജ്യത്തെ കടുവ സങ്കേതങ്ങളിൽ നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 93.4 പോയിന്റുകൾ കരസ്ഥമാക്കി പെരിയാർ ടൈഗർ റിസർവും മഹാരാഷ്ട്രയിലെ പെഞ്ച് കടുവാ സങ്കേതവും ഒന്നാം സ്ഥാനം പങ്കിടുകയായിരുന്നു. ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ ജനറലും സ്പെഷ്യൽ സെക്രട്ടറിയുമായ സിദ്ധാനന്ദദാസിൽ നിന്നും പെരിയാർ ടൈഗർ റിസർവ്വ് ഫീൽഡ് ഡയറക്ടർ കെ ആർ അനൂപ് അവാർഡ് ഏറ്റുവാങ്ങി.

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ